**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3312** **15-02-2024 - ൽ മറുപടിയ്ക്ക്**

**അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | പ്രസ്തുത മേൽപ്പാലം നിലവിൽ കോഴിക്കോട് -പാലക്കാട് -ദേശീയപാത 966-ൽ സ്ഥിതിചെയ്യുന്നROB-യ്ക്ക് മുൻപ് ആരംഭിക്കുന്ന ഓരാടം പാലം- മാനത്തുമംഗലം ബൈപ്പാസ് റോഡിനോട് അനുബന്ധിച്ച് പുതുതായി നിർമ്മിക്കാനുള്ളതാണ്. നിലവിലെ ഭരണാനുമതി കാലഹരണപ്പെട്ടതു കാരണം പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിലേയ്ക്കായി ആവശ്യമായ എസ്റ്റിമേറ്റ് മുതലായവ ആവശ്യപ്പെട്ട് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. റെയിൽവേ മേൽപ്പാലത്തിന്റെ General Alignment Drawing (GAD) അംഗീകരിക്കുന്നതിന് P&E ചാർജ്ജായി 16,23,800/- രൂപ സതേൺ റെയിൽവേയ്ക്ക് അടച്ചിട്ടുണ്ട്. റെയിൽവേ നിർദ്ദേശിച്ച മാറ്റങ്ങൾക്കനുസരിച്ച് പുതിയ GAD തയ്യാറാക്കി നൽകുന്നതിന് ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡിസൈൻ ഓഫീസ്, എറണാകുളത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേൽപ്പാലത്തിന്റെ ജി.എ.ഡി. (ജനറൽ അലൈൻമെന്റ് ഡ്രോയിങ്) അംഗീകരിച്ച് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ദീർഘകാലമായിട്ടും ഇത് ലഭിക്കാത്ത കാര്യം റെയിൽവേ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഈ വിഷയത്തിൽ ഏറ്റവും ഒടുവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. റെയിൽവേയ്ക്ക് സമർപ്പിച്ച GAD -യിൽ വരുത്തേണ്ട മാറ്റങ്ങൾ റെയിൽവേ അതോറിറ്റി ആവശ്യപ്പെട്ടത നുസരിച്ച് നടപ്പിൽ വരുത്തുന്നതിന് ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡിസൈൻ ഓഫീസ്, എറണാകുളത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ? | (സി) | ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി സർവ്വേ ചെയ്തതിന്റെ വിശദാംശങ്ങൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമായിട്ടുണ്ട്. എന്നാൽ, പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിലേയ്ക്ക് ആവശ്യമായ വിവരങ്ങൾ നിരത്തുകൾ വിഭാഗം ചീഫ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ